(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) കഴിഞ്ഞ ശമ്പളപരിഷ്കരണത്തിനുശേഷം 6 വർഷം ആയ സ്ഥിതിക്ക് റീ-ഓപ്ഷന് ഇനി പൊതു ഉത്തരവ് പുറപ്പെടുവിക്കുന്ന കാര്യം ഉദിക്കുന്നില്ല.

സർക്കാർ ജീവനക്കാർക്ക് ലഭിക്കാനുള്ള ഡി. എ. കുടിശ്ശിക

33 [1750] ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര സർക്കാർ അനുവദിച്ച എത്ര ഗഡു ഡി. എ. ആണ് സംസ്ഥാന സർക്കാർ ജീവനക്കാർക്ക് നൽകാനുള്ളത് ;

(ബി) ഇവ നൽകാനുള്ള തുക 2005-06 ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ക്ഷാമബത്ത ഗഡുക്കൾ എന്നത്തേക്ക് അനുവദിച്ച് നൽകുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കേന്ദ്ര സർക്കാർ അനുവദിച്ച രണ്ടു ഗഡു ഡി. എ. ആണ് സംസ്ഥാന സർക്കാർ ജീവനക്കാർക്ക് നൽകാനുള്ളത്. അതായത് 1-1-2004 മുതൽ നൽകേണ്ട 2 ശതമാനവും 1-7-2004 മുതൽ നൽകേണ്ട 3 ശതമാനവും.

(ബി) വകയിരുത്തിയിട്ടുണ്ട്. ജൂലൈ 2003 വരെയുള്ള ക്ഷാമബത്ത ഗഡുക്കൾ ഇതിനകം അനുവദിച്ചുകഴിഞ്ഞിട്ടുണ്ട്. 2004 ജനുവരിയിലേയും 2004 ജൂലായിലേയും ക്ഷാമബത്ത ഗഡുക്കൾ നൽകുന്നതിന് ആവശ്യമായ വിഹിതം 2005-06-ലെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(സി) ഇത് 2005-06 സാമ്പത്തിക വർഷത്തിൽ അനുവദിച്ചുനൽകുന്നതാണ്.

ആജീവനാന്ത പൂർണ്ണ പെൻഷൻ ആനുകൂല്യം

34 [T1751] ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റിട്ടയർ ചെയ്ത സർക്കാർ ജീവനക്കാരുടെ ബുദ്ധിമാന്ദ്യമുള്ള മക്കൾക്ക് നൽകിവന്നിരുന്ന ആജീവനാന്ത പൂർണ്ണപെൻഷൻ ആനുകൂല്യം 18-10-2004-ലെ ജി. ഒ. (പി) നമ്പർ 489/04/ധന. പ്രകാരം പരിമിതപ്പെടുത്തിയതിനുള്ള കാരണം വ്യക്തമാക്കാമോ ;

(ബി) സമൂഹത്തിൽ ദുരിതം അനുഭവിക്കുന്ന ഇവർക്ക് പ്രസ്തുത ഉത്തരവ് പിൻവലിച്ച് ആജീവനാന്ത പൂർണ്ണപെൻഷൻ ആനുകൂല്യം പുനഃസ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 18-10-2004-ലെ ജി. ഒ. (പി) നമ്പർ 489/04/ധന. പ്രകാരം ജീവനക്കാരുടെ ആൺമക്കൾക്ക് ലഭിച്ചുവന്നിരുന്ന കുടുംബപെൻഷൻ 25 വയസ്സ് പൂർത്തിയാവുകയോ വിവാഹിതനാവുകയോ ഏതെങ്കിലും തൊഴിൽ ലഭിക്കുകയോ ഏതാണാദ്യം എന്ന മുറയ്ക്ക് അവസാനിക്കുന്നു. എന്നാൽ ഈ ഉത്തരവ് പ്രകാരം ബുദ്ധിമാന്ദ്യമുള്ള മക്കൾക്ക് നൽകിവന്നിരുന്ന ആജീവനാന്ത പൂർണ്ണപെൻഷൻ പരിമിതപ്പെടുത്തിയിട്ടില്ല.

(ബി) ചോദ്യം പ്രസക്തമല്ല.

കെ. എസ്. എഫ്. ഇ.-യുടെ ബ്രാഞ്ചുകൾ ആരംഭിക്കാൻ നടപടി

35 [1752] ശ്രീ. പി. എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുനലൂർ നിയോജകമണ്ഡലത്തിൽപ്പെട്ട ആയൂർ, ഏരൂർ എന്നീ സ്ഥലങ്ങളിൽ കെ. എസ്. എഫ്. ഇ.-യുടെ ബ്രാഞ്ചുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ബി) പ്രസ്തുത സ്ഥലങ്ങളിൽ കെ. എസ്. എഫ്. ഇ.-യുടെ ശാഖകൾ ആരംഭിക്കണമെന്ന നിവേദനം ലഭിച്ചിട്ടുണ്ടോ ;

(സി) പ്രസ്തുത പ്രദേശങ്ങളിലെ പൊതുജനങ്ങളുടെ ആവശ്യം പരിഗണിച്ച് കെ. എസ്. എഫ്. ഇ.-യുടെ ശാഖകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഇല്ല.

(സി) നിവേദനം ലഭിച്ചാൽ നിലവിലുള്ള വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ പരിശോധിക്കുന്നതാണ്.

പി. എസ്. സി.-ക്കു റിപ്പോർട്ടുചെയ്ത കെ. എസ്. എഫ്. ഇ.-യിലെ ഒഴിവുകൾ

36 [1753] ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. എഫ്. ഇ.-യിൽ ജൂനിയർ അസിസ്റ്റന്റ് തസ്തികയിലേക്കുള്ള പി. എസ്. സി. റാങ്ക് ലിസ്റ്റിൽ നിന്നും നിലവിലുള്ള ഒഴിവുകൾ മുഴുവൻ ഒരു മാസത്തിനകം പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് നിർദ്ദേശിക്കുന്ന ഹൈക്കോടതിയുടെ 24-1-2005-ലെ ഉത്തരവ് ശ്രദ്ധയിൽ വന്നിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly